**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4292** **18-07-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ. യു.എ.ലത്തീഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി ബോർഡിലെ ഒരു സംഘടനയും ചെയർമാനുമായുള്ള തർക്കം സാധാരണക്കാരായ ഉപഭോക്താക്കൾക്ക് ലഭിക്കേണ്ട സേവനങ്ങളെ ബാധിച്ചു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (എ) | ബോർഡ് ചെയർമാനുമായി ഒരു സംഘടനയ്ക്കും തർക്കമുള്ളതായി കാണുന്നില്ല. കെ.എസ്.ഇ.ബി ഓഫീസേഴ്സ് അസോസിയേഷൻ എന്ന സംഘടനയിൽ അംഗങ്ങളായുള്ള ചില ജീവനക്കാർക്കെതിരെ ബോർഡ് മാനേജ്മെന്റ് സ്വീകരിച്ച അച്ചടക്ക നടപടികളെചൊല്ലി 11.04.2022 മുതൽ 19.04.2022 വരെ സത്യാഗ്രഹ സമരം നടത്തിയിരുന്നു.സത്യാഗ്രഹ സമരം 20.04.2022-ന് പിൻവലിച്ചു. ഒരു സേവനത്തെയും പ്രസ്തുത സമരം ബാധിച്ചിട്ടില്ല. |
| (ബി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതായ പ്രവണതകൾ തടയുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | ബോർഡ് ചെയർമാനുമായി ഒരു സംഘടനയ്ക്കും തർക്കമുള്ളതായി കാണുന്നില്ല. കെ.എസ്.ഇ.ബി ഓഫീസേഴ്സ് അസോസിയേഷൻ എന്ന സംഘടനയിൽ അംഗങ്ങളായുള്ള ചില ജീവനക്കാർക്കെതിരെ ബോർഡ് മാനേജ്മെന്റ് സ്വീകരിച്ച അച്ചടക്ക നടപടികളെചൊല്ലി 11.04.2022 മുതൽ 19.04.2022 വരെ സത്യാഗ്രഹ സമരം നടത്തിയിരുന്നു.സത്യാഗ്രഹ സമരം 20.04.2022-ന് പിൻവലിച്ചു. ഒരു സേവനത്തെയും പ്രസ്തുത സമരം ബാധിച്ചിട്ടില്ല. |
| (സി) | ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ചെയർമാൻ സ്വീകരിക്കുന്ന നടപടികൾ നടപ്പാക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ഉൾപ്പെടുന്ന ഫുൾ ടൈം ഡയറക്ടർമാരുടെ തീരുമാനങ്ങൾ എല്ലാ ജീവനക്കാരിലൂടെയും<br><br>ഓഫീസർമാരിലൂടെയും പ്രാവർത്തികമാക്കുന്നതു വഴിയാണ് KSEBL-ന്റെ പ്രവർത്തനം നടന്നു വരുന്നത്. |

സെക്ഷൻ ഓഫീസർ